പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 322

# 2010-ലെ കേരള മെഡിക്കൽ ഉദ്യോഗസ്ഥർക്ക് ബിരുദാനന്തര ബിരുദ അദ്ധ്യയനക്രമത്തിലേക്ക് സർവ്വീസ് ക്വാട്ട പ്രകാരമുള്ള പ്രവേശനം (ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2010

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 322

# 2010-ലെ കേരള മെഡിക്കൽ ഉദ്യോഗസ്ഥർക്ക് ബിരുദാനന്തര ബിരുദ അദ്ധ്യയനക്രമത്തിലേക്ക് സർവ്വീസ് ക്വാട്ട പ്രകാരമുള്ള പ്രവേശനം (ഭേദഗതി) ബിൽ

352/2010.

# 2010-ലെ കേരള മെഡിക്കൽ ഉദ്യോഗസ്ഥർക്ക് ബിരുദാനന്തര ബിരുദ അദ്ധ്യയനക്രമത്തിലേക്ക് സർവ്വീസ് ക്വാട്ട പ്രകാരമുള്ള പ്രവേശനം (ഭേദഗതി) ബിൽ

2008-ലെ കേരള മെഡിക്കൽ ഉദ്യോഗസ്ഥർക്ക് ബിരുദാനന്തര ബിരുദ അദ്ധ്യയനക്രമത്തിലേക്ക് സർവ്വീസ് ക്വാട്ട പ്രകാരമുള്ള പ്രവേശനം ആക്റ്റ് ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—2008-ലെ കേരള മെഡിക്കൽ ഉദ്യോഗസ്ഥർക്ക് ബിരുദാനന്തര ബിരുദ അദ്ധ്യയന ക്രമത്തിലേക്ക് സർവ്വീസ് ക്വാട്ട പ്രകാരമുള്ള പ്രവേശനം ആക്റ്റ് ഇതിനു ശേഷം കാണുന്ന ആവശ്യങ്ങൾക്കായി ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തി ഒന്നാം സംവൽസരത്തിൽ ഇനി പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2010-ലെ കേരള മെഡിക്കൽ ഉദ്യോഗസ്ഥർക്ക് ബിരുദാനന്തര ബിരുദ അദ്ധ്യയന ക്രമത്തിലേക്ക് സർവ്വീസ് ക്വാട്ട പ്രകാരമുള്ള പ്രവേശനം (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. ചില പദപ്രയോഗങ്ങൾക്ക് പകരം പുതിയ പദപ്രയോഗങ്ങൾ ചേർക്കൽ.—2008-ലെ കേരള മെഡിക്കൽ ഉദ്യോഗസ്ഥർക്ക് ബിരുദാനന്തര ബിരുദ അദ്ധ്യയന ക്രമത്തിലേക്ക് സർവ്വീസ് ക്വാട്ട പ്രകാരമുള്ള പ്രവേശനം ആക്റ്റിൽ (2008-ലെ 29) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക),—

(1) "എം.ബി.ബി.എസ്." എന്ന അക്ഷരങ്ങൾ എവിടെയെല്ലാം വരുന്നുവോ അവിടെയെല്ലാം അതിനുപകരം "എം.ബി.ബി.എസ്./ബി.ഡി.എസ്." എന്ന അക്ഷരങ്ങളും ചിഹ്നവും ചേർക്കേണ്ടതാണ്.

(2) "മെഡിക്കൽ കോളേജുകൾ" എന്ന വാക്കുകൾ എവിടെയെല്ലാം വരുന്നുവോ അവിടെയെല്ലാം അതിനുപകരം "മെഡിക്കൽ കോളേജുകൾ/ഡെന്റൽ കോളേജുകൾ" എന്ന വാക്കുകളും ചിഹ്നവും ചേർക്കേണ്ടതാണ്.

3. 3-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 3-ാം വകുപ്പിൽ, "1956-ലെ ഇന്ത്യൻ മെഡിക്കൽ കൗൺസിൽ ആക്റ്റിലോ (1956-ലെ 102-ാം കേന്ദ്ര ആക്റ്റ്)" എന്ന വാക്കുകൾക്കും അക്കങ്ങൾക്കും ബ്രാക്കറ്റുകൾക്കുംശേഷം "1948-ലെ ഡെന്റിസ്റ്റ്സ് ആക്റ്റിലോ, (1948-ലെ 16-ാം കേന്ദ്ര ആക്റ്റ്)" എന്ന വാക്കുകളും അക്കങ്ങളും ബ്രാക്കറ്റുകളും കൂട്ടിച്ചേർക്കേണ്ടതാണ്.

4. 5-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 5-ാം വകുപ്പ് (1)-ാം ഉപ വകുപ്പിൽ "ബിരുദാനന്തര ബിരുദ മെഡിക്കൽ അദ്ധ്യയനക്രമത്തിലെ" എന്ന വാക്കുകൾക്കു പകരം "ബിരുദാനന്തര ബിരുദ മെഡിക്കൽ/ഡെന്റൽ അദ്ധ്യയനക്രമങ്ങളിലെ" എന്ന വാക്കുകളും ചിഹ്നവും ചേർക്കേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

ഡെന്റൽ സർജറിയിൽ ബിരുദാനന്തരബിരുദ അദ്ധ്യയനക്രമങ്ങളിൽ തുടർന്നുവന്ന പതിവനുസരിച്ച് ആരോഗ്യ വകുപ്പിലേയും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലേയും ഡോക്ടർമാർ ഉൾക്കൊള്ളുന്ന സർവ്വീസിലുള്ള പഠനാർത്ഥികൾക്കുവേണ്ടി, സംസ്ഥാനത്ത് ലഭ്യമായ സീറ്റുകളിൽ നാല്പതു ശതമാനം നീക്കിവച്ചിരുന്നു. 2007 നവംബർ 20-ാം തീയതിയിലെ ഡി.ഇ. 22-2007 നമ്പർ വിജ്ഞാപനം (റിവൈസ്ഡ് എംഡിഎസ് കോഴ്സ് റെഗുലേഷൻസ് 2007) അനുസരിച്ച് ഡെന്റൽ സർജറിയിൽ ബിരുദാനന്തരബിരുദ കോഴ്സുകൾക്ക് പഠനാർത്ഥികളെ തെരഞ്ഞെടുക്കുന്നതിന് പ്രവേശന പരീക്ഷ നിർബന്ധമാണ്. പ്രവേശന പരീക്ഷയിൽ നിർദ്ദിഷ്ട 50% മാർക്ക് നേടുന്നതിൽ സർവ്വീസിലുള്ള പഠനാർത്ഥികൾ നേരിടുന്ന ബുദ്ധിമുട്ട് പരിഗണിച്ച് 2008-ൽ, 2008-ലെ കേരള മെഡിക്കൽ ഉദ്യോഗസ്ഥർക്ക് ബിരുദാനന്തരബിരുദ അദ്ധ്യയന ക്രമത്തിലേക്ക് സർവ്വീസ് ക്വാട്ട പ്രകാരമുള്ള പ്രവേശനം ആക്റ്റ് (2008-ലെ 29) കേരള നിയമസഭ പാസ്സാക്കുകയും അതുപ്രകാരം സർക്കാർ സർവ്വീസിലുള്ളവരും സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിലെ മെഡിക്കൽ ബിരുദാനന്തരബിരുദ അദ്ധ്യയന ക്രമങ്ങളിൽ ചേരുവാൻ ആഗ്രഹിക്കുന്നവരുമായ പഠനാർത്ഥികളെ പ്രവേശ പരീക്ഷയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത നിയമം ഡെന്റൽ സർജറിയിൽ ബിരുദാനന്തരബിരുദ അദ്ധ്യയനക്രമങ്ങളിലേക്കുള്ള പ്രവേശനത്തിന് ബാധകമാക്കിയിരുന്നില്ല.

2008-ലെ കേരള മെഡിക്കൽ ഉദ്യോഗസ്ഥർക്ക് ബിരുദാനന്തര ബിരുദ അദ്ധ്യയന ക്രമത്തിലേക്ക് സർവ്വീസ് ക്വാട്ട പ്രകാരമുള്ള പ്രവേശനം ആക്റ്റിന്റെ പരിധിയിൽ നിന്നും ദന്ത വിഭാഗത്തിലെ അപേക്ഷകരെ ഒഴിവാക്കിയതിലെ വൈരുദ്ധ്യവും അവരുടെ അവകാശങ്ങളുടെ നിഷേധവും ചൂണ്ടിക്കാണിച്ചുകൊണ്ട് ധാരാളം നിവേദനങ്ങൾ സർക്കാരിന് ലഭിച്ചിട്ടുള്ളതും, സർക്കാർ വിഷയം വിശദമായി പരിശോധിച്ചതിനുശേഷം, ഹെൽത്ത് സർവ്വീസിലെയും മെഡിക്കൽ എഡ്യൂക്കേഷൻ സർവ്വീസിലെയും ദന്ത വിഭാഗത്തിൽ നിന്നുള്ള സർവ്വീസിലുള്ള അപേക്ഷകരെയും മേൽപ്പറഞ്ഞ ആക്റ്റിന്റെ പരിധിയിൽ ഉൾപ്പെടുത്തുന്നതിന് തീരുമാനിച്ചു. ആ ആവശ്യത്തിലേക്കായി 2008-ലെ കേരള മെഡിക്കൽ ഉദ്യോഗസ്ഥർക്ക് ബിരുദാനന്തരബിരുദ അദ്ധ്യയന ക്രമത്തിലേക്ക് സർവ്വീസ് ക്വാട്ട പ്രകാരമുള്ള പ്രവേശനം ആക്റ്റ് (2008-ലെ 29) ഭേദഗതി ചെയ്യേണ്ടതായിട്ടുണ്ട്.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യ മെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരുകയും ചെയ്താൽ സംസ്ഥാന സഞ്ചിത നിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

**പി. കെ. ശ്രീമതി ടീച്ചർ**

(ശരിത്തർജ്ജമ)

## 2008-ലെ കേരള മെഡിക്കൽ ഉദ്യോഗസ്ഥർക്ക് ബിരുദാനന്തര ബിരുദ അദ്ധ്യയനക്രമത്തിലേക്ക് സർവ്വീസ് ക്വാട്ടപ്രകാരമുള്ള പ്രവേശനം ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

(2008-ലെ 29)

ദീർഘശീർഷകം.—കേരള സംസ്ഥാനത്ത് മെഡിക്കൽ ഉദ്യോഗസ്ഥർക്കിടയിൽ സീറ്റുകളുടെ ക്വാട്ടയ്ക്കും സർക്കാരിൻകീഴിലുള്ള അവരുടെ സേവനം പരിഗണിച്ച് സർവ്വീസ് ക്വാട്ടയിൻകീഴിൽ മെഡിക്കൽ കോളേജുകളിലുള്ള വിവിധ ബിരുദാനന്തര ബിരുദ അദ്ധ്യയനക്രമത്തിലേക്ക് പ്രവേശനത്തിനായുള്ള തെരഞ്ഞെടുപ്പ് പ്രക്രിയയ്ക്കും അതിനോടനുബന്ധിച്ചതോ ആനുഷംഗികമായതോ ആയ മറ്റു കാര്യങ്ങൾക്കുംവേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള ഒരു ആക്റ്റ്.

പീഠിക.—കേരള സംസ്ഥാനത്ത് മെഡിക്കൽ ഉദ്യോഗസ്ഥർക്കിടയിൽ സീറ്റുകളുടെ ക്വാട്ടയ്ക്കും സർക്കാരിൻകീഴിലുള്ള അവരുടെ സേവനം പരിഗണിച്ച് സർവ്വീസ് ക്വാട്ടയിൻ കീഴിൽ മെഡിക്കൽ കോളേജുകളിലുള്ള വിവിധ ബിരുദാനന്തര ബിരുദ അദ്ധ്യയന ക്രമത്തിലേക്ക് പ്രവേശനത്തിനായുള്ള തെരഞ്ഞെടുപ്പ് പ്രക്രിയയ്ക്കുംവേണ്ടി വ്യവസ്ഥ ചെയ്യേണ്ടത് യുക്തമായിരിക്കുകയാൽ ;

** ** ** **

2. നിർവ്വചനങ്ങൾ.—

** ** ** **

(ഡി) 'മെഡിക്കൽ ഉദ്യോഗസ്ഥൻ' എന്നാൽ ഒരു വകുപ്പ് തലവന്റെ നിയന്ത്രണത്തിൻകീഴിൽ സേവനം അനുഷ്ഠിക്കുന്ന എം. ബി. ബി. എസ്. യോഗ്യത യുള്ള ഒരു ഡോക്ടർ എന്നർത്ഥമാകുന്നതും, അതിൽ ഒരു ലക്ചറർ അല്ലെങ്കിൽ സർക്കാർ വിനിർദ്ദേശിക്കാവുന്ന ഒരു വ്യത്യസ്ത ഉദ്യോഗപ്പേരിലുള്ള മറ്റ് ഏതെങ്കിലും ഡോക്ടർ ഉൾപ്പെടുന്നതുമാകുന്നു;

(ഇ) 'ബിരുദാനന്തര ബിരുദ അദ്ധ്യയനക്രമം' എന്നാൽ പ്രോസ്പെക്ടസിൽ പ്രഖ്യാപിച്ചിട്ടുള്ളതുപോലെ എം. ബി. ബി. എസ്.-നുശേഷം മൂന്നുവർഷം കാലാവധി യുള്ള ഒരു ബിരുദ അദ്ധ്യയനക്രമമോ അല്ലെങ്കിൽ രണ്ടുവർഷം കാലാവധിയുള്ള ഒരു ഡിപ്ലോമ അദ്ധ്യയനക്രമമോ ആയ അദ്ധ്യയനക്രമത്തിലെ പഠനം എന്നർത്ഥമാകുന്നു;

** ** ** **

3. സർവ്വീസ് ക്വാട്ടപ്രകാരം ബിരുദാനന്തര ബിരുദ അദ്ധ്യയനക്രമത്തിലേക്ക് പ്രവേശനത്തിനായി മെഡിക്കൽ ഉദ്യോഗസ്ഥരുടെ തെരഞ്ഞെടുപ്പ്.—1956-ലെ ഇൻഡ്യൻ മെഡിക്കൽ കൗൺസിൽ ആക്റ്റിലോ (1956-ലെ 102-ാം കേന്ദ്ര ആക്റ്റ്) അതിൻകീഴിലു ണ്ടാക്കിയ ഏതെങ്കിലും ചട്ടത്തിലോ അല്ലെങ്കിൽ റെഗുലേഷനിലോ അല്ലെങ്കിൽ ഏതെങ്കിലും കോടതിയുടെയോ അധികാരസ്ഥാനത്തിന്റെയോ ഏതെങ്കിലും വിധി

ന്യായത്തിലോ, ഡിക്രിയിലോ അല്ലെങ്കിൽ ഉത്തരവിലോ എന്തുതന്നെ അടങ്ങിയിരുന്നാലും സംസ്ഥാനത്തെ മെഡിക്കൽ ഉദ്യോഗസ്ഥരുടെ ബിരുദാനന്തര ബിരുദ അദ്ധ്യയനക്രമത്തിലെ പഠനത്തിനായി സർവ്വീസ് ക്വാട്ടപ്രകാരമുള്ള പ്രവേശനം ഈ ആക്റ്റിലെ വ്യവസ്ഥകൾപ്രകാരം മാത്രം നടത്തേണ്ടതാണ്.

** ** ** **

5. തെരഞ്ഞെടുക്കുന്നതിനുള്ള നടപടിക്രമം.—(1) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ ബിരുദാനന്തര ബിരുദ മെഡിക്കൽ അദ്ധ്യയനക്രമത്തിലെ പ്രവേശനത്തിനായി സർക്കാരിന്റെ കീഴിലുള്ള മെഡിക്കൽ ഉദ്യോഗസ്ഥരുടെ സേവനം പരിഗണിച്ച് സർവ്വീസ് ക്വാട്ടയിൻകീഴിൽ അവരെ തെരഞ്ഞെടുക്കുന്നതിന് ഒരു അദ്ധ്യയന വർഷത്തിൽ സംസ്ഥാന ക്വാട്ടയിൽ ലഭ്യമായിട്ടുള്ള ആകെ സീറ്റുകളുടെ നാൽപ്പത് ശതമാനത്തിൽ അധികരിക്കാത്ത സീറ്റുകൾ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ സർക്കാരിന് മാറ്റിവയ്ക്കാവുന്നതാണ്.

(2) ബിരുദാനന്തര ബിരുദ അദ്ധ്യയനക്രമത്തിലേക്ക് പ്രവേശനത്തിനുള്ള അക്കാഡമിക് യോഗ്യത കുറഞ്ഞത് അൻപത് ശതമാനം മാർക്കുള്ള എം.ബി.ബി.എസ്. ബിരുദവും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള മറ്റ് യോഗ്യതകളും ആയിരിക്കേണ്ടതാണ്.

** ** ** **